# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 സെപ്തംബർ 15

# വാർത്താക്കുറിപ്പ്

## പരീക്ഷാ ഫലം

2020 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.സി.ജെ - പി.ജി. സി. എസ്.എസ് (സപ്ലിമെൻ്ററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ സെപ്തംബർ 27ന് മുൻപ് ഓൺലൈനായി നൽകണം. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/908/2021)

2020 നവമ്പറിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി.സി എസ് എസ് - എം.എസ് സി ഫിസിക്സ് - റഗുലർ/ സപ്ലിമെൻ്ററി, പി.ജി.സി എസ് എസ് - എം.എസ് സി ഫിസിക്സ് (മെറ്റീരിയൽ സയൻസ്)- റഗുലർ/ സപ്ലിമെൻ്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനക്കു മുള്ള അപേക്ഷകൾ സെപ്തംബർ 30 വരെ ഓൺലൈനായി സമർപ്പിക്കാം. പുനർമൂല്യനിർണയത്തിന് പേപ്പറൊന്നിന് 370 രൂപാ നിരക്കിലും സൂക്ഷ്മ പരിശോധനക്ക് 160 രൂപാ നിരക്കിലും ഫീസടക്കണം.കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/909/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. സ്റ്റാറ്റിസ്റ്റിക്സ് സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/910/2021)

2021 മെയിൽ നടന്ന നാലാം വർഷ ബി.എസ് സി. നഴ്സിംഗ് (റഗുലർ) ബിരുദ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് സെപ്തംബർ 30 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/911/2021)

## എം ജി – പി.ജി., ബി.എഡ്. പ്രവേശന തീയതി നീട്ടി

മഹാത്മാഗാന്ധി സർവകലാശാല ബിരുദാനന്തര-ബിരുദ, ബി.എഡ് പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള അപേക്ഷ തീയതി ഒക്ടോബർ ഒന്ന് വരെ നീട്ടി. പുതുക്കിയ സമയക്രമമനുസരിച്ച് പ്രവേശനത്തിനുള്ള അപേക്ഷഫീസ് ഒക്ടോബർ ഒന്നിന് രാത്രി 11 വരെ ഓൺലൈനായി ഒടുക്കാം. അപേക്ഷകൾ അന്ന് തന്നെ രാത്രി 11.55 വരെ സ്വീകരിക്കും.

ട്രയൽ അലോട്മെന്റ് ഒക്ടോബർ 7നും ആദ്യ അലോട്മെന്റ് ഒക്ടോബർ 13നും പ്രസിദ്ധീകരിക്കും. വിദ്യാർഥികൾക്ക് ഒക്ടോബർ 19, 20 തീയതികളിൽ ഓപ്ഷനുകൾ പുനഃക്രമീകരിക്കാൻ അവസരമുണ്ടായിരിക്കും. ആദ്യ അലോട്മെന്റ് ലഭിക്കുന്ന വിദ്യാർഥികൾക്ക് ഒക്ടോബർ 18ന് വൈകീട്ട് നാല് വരെ പ്രവേശനത്തിനുള്ള സർവകലാശാല ഫീസ് ഓൺലൈനായി അടയ്ക്കാം. തുടർന്ന് 18നകം തന്നെ ബന്ധപ്പെട്ട കോളേജുകളിൽ ഫീസടച്ച് പ്രവേശനം ഉറപ്പുവരുത്തണം. രണ്ടും മൂന്നും അലോട്മെന്റുകൾ യഥാക്രമം ഒക്ടോബർ 25നും നവമ്പർ ഒന്നിനും പ്രസിദ്ധീകരിക്കും.

ബിരുദാനന്തര ബിരുദ, ബി.എഡ് ക്ലാസുകൾ നവമ്പർ മൂന്നിന് തുടങ്ങുന്ന വിധത്തിലാണ് പ്രവേശന നടപടികൾ പുനക്രമീകരിച്ചിട്ടുള്ളത്. പ്രവേശനം സംബന്ധിച്ച പുതുക്കിയ സമയക്രമങ്ങളുടെ വിശദാംശങ്ങൾ www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/912/2021)


**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ